(ബി) പ്രസ്തുത റിപ്പോർട്ടിലെ അദ്ധ്യായം 7-ൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ശുപാർശകളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

തെങ്ങിൽനിന്നും വീണു മരണപ്പെട്ടവർക്കു ധനസഹായം

328 [410] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86, 1986-87 സാമ്പത്തിക വർഷത്തിൽ കോഴിക്കോടു ജില്ലയിൽ എത്ര പേർ തെങ്ങിൽനിന്നും വീണു മരണമടഞ്ഞവരുടെ പേരിൽ സാമ്പത്തിക സഹായത്തിനപേക്ഷിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര അപേക്ഷകർക്കു സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1985-86 59 പേർ.
1986-87 34 പേർ
(ഓഗസ്റ്റ് 31 വരെ)

(ബി) 1985-86-ൽ 20 പേർക്കും 1986-87-ൽ 10 പേർക്കും (ഓഗസ്റ്റു 31 വരെ) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

ഐ. ടി. ഐ. കളും ഐ. ടി. സി. കളും

329 [411] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഐ. ടി. ഐ. കളും ഐ. ടി. സി. കളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) പുതുതായി ഐ. ടി. സി. കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ഐ. ടി. ഐ. കളിലും ഐ. ടി. സി കളിലും അമിതമായ ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 22 ഗവ. ഐ. ടി. ഐ. കളും 232 ഐ. ടി. സി. കളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 1986-87 അദ്ധ്യയന വർഷത്തിൽ പുതുതായി ഐ. ടി. സി. കൾ ആരംഭിക്കുന്നതിനു വേണ്ട നിർദ്ദേശം പരിഗണനയിൽ ഉണ്ട്.

(സി) അമിതമായ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തോട്ടടയിൽ ഒരു ഇ. എസ്. ഐ. ആശുപത്രി

330 [412] ശ്രീ. എം. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തോട്ടടയിൽ ഒരു ഇ. എസ്. ഐ. ആശുപത്രി പണിയുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കും ;

(സി) ഈ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുമെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതീകരണം, സാനിട്ടേഷൻ, വാട്ടർ സപ്ലൈ എന്നിവയുടെ ജോലി പൂർത്തിയായി കഴിഞ്ഞാലുടൻ തന്നെ ആശുപത്രി തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണ്.

ബിവറേജസ് കോർപ്പറേഷന്റെ ആഡിറ്റ് വിഭാഗത്തിന്റെ പരിശോധന

331. [413] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ആഡിറ്റ് വിഭാഗം പരിശോധനയിൽ ഉപയോഗമില്ലാത്ത വിദേശമദ്യങ്ങൾ 1-4-1983 മുതൽ 30-9-1986 വരെ കണ്ടുപിടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) ഇതുമൂലം കോർപ്പറേഷന് എന്ത് നഷ്ടം വന്നിട്ടുണ്ട് ;

(സി) പത്തനംതിട്ടയിൽ പച്ച നിറത്തിലുള്ള ട്രിപ്പിൾ ക്രൗൺ ബ്രാൻഡികൾ പിടിച്ചെന്നും അത്തരത്തിലുള്ള എല്ലാ ബ്രാൻഡി വിൽപ്പനയും സംസ്ഥാനത്ത് തടഞ്ഞുവെന്നും അറിയുന്നതു ശരിയാണോ ;

(ഡി) എങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) ഈ ഇനത്തിൽ എത്ര സംഖ്യയുടെ ബ്രാൻഡി വാങ്ങിച്ചു ; എത്ര വിറ്റു ; ഇനി ബാക്കി എത്രയുണ്ട് ;

(എഫ്) ഈ ബ്രാൻഡി വാങ്ങിയതിൽ ആർക്കെല്ലാം ഉത്തരവാദിത്വമുണ്ട് ;

(ജി) ബ്രാൻഡി പരിശോധിച്ചതിൽ മായം ചേർത്തതാണെന്ന് തെളിഞ്ഞുവോ ;

(എച്ച്) എവിടെ അയച്ചാണ് പരിശോധിച്ചത് ?

ഉത്തരം

(എ) 1-4-1984 മുതലാണ് ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യത്തിന്റെ വിതരണം ഏറ്റെടുത്തത്. ഉപയോഗയോഗ്യമല്ലാത്ത 1200 കേയ്സ് ബിയറും 1 കുപ്പി ബ്രാൻഡിയും ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ട്.

(ബി) ബിയറിന്റെ വില വിൽപ്പനയ്ക്കുശേഷം മാത്രമേ നൽകാറുള്ളൂ. ഉപയോഗശൂന്യമായ ബ്രാൻഡിയുടെ വില കമ്പനിക്കാർ നൽകും. അതിനാൽ ഇതുമൂലം കോർപ്പറേഷന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(സി) മദ്യത്തിന്റെ ഗുണം, വിൽപ്പന എന്നിവയെപ്പറ്റി അവലോകനം ചെയ്യുന്നതിന് കോർപ്പറേഷന്റെ എല്ലാ വെയർഹൗസുകളിലും ഹോൾസെയിൽ ഷോപ്പുകളിലും കോർപ്പറേഷൻ അധികൃതർ കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ട്.

(ഡി) ഈ പരിശോധനയിൽ പത്തനംതിട്ടയിലെ ഹോൾസെയിൽ കടയിൽ പച്ചനിറത്തിലുള്ള ഒരു കുപ്പി ട്രിപ്പിൾ ക്രൗൺ ബ്രാൻഡി ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത കുപ്പി ഗവൺമെന്റ് കെമിക്കൽ

LIBRARY ARCHIVES Kerala Legislative Assembly